**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 611

30.06.2011 ൽ മറുപടിയ്ക്ക്

## ഭൂമി പതിച്ച് നൽകുന്നതിൽ സ്വജന പക്ഷപാതം ഒഴിവാക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. കെ. എൻ.എ.ഖാദർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | മുൻമുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി പതിച്ചു നൽകിയ നടപടി റദ്ദാക്കുവാൻ കാരണമെന്താണ്; | എ) | ആലപ്പുഴ ജില്ലയിലെ ആര്യാട് എന്ന സ്ഥലത്ത് സ്ഥിരതാമസക്കാരനായ ശ്രീ.റ്റി.കെ.സോമന് 2.33 എക്കർ ഭൂമി വിശദമായ അന്വേഷണം നടത്താതെയാണ് കാസർഗോഡ് തഹസിൽദാർ പതിച്ച് നൽകിയതെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറോട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും 1964- ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5(1)(a) പ്രകാരം ടിയാൾക്ക് ഭൂമി പതിച്ച് കിട്ടുന്നതിനുള്ള അർഹത സംബന്ധിച്ചും പ്രസ്തുത ഭൂമി മേൽപ്പറഞ്ഞ ചട്ട പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ലിസ്റ്റിൽപ്പെടുന്നതാണോ എന്നത് സംബന്ധിച്ചും പരിശോധിച്ച് രേഖപ്പെടുത്തി-യിട്ടില്ലെന്നും 24.01.2009-ലെ ജി.ഒ (പി).നം.49/2009/ആർ.ഡി പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടില്ലായെന്നും നിലവിലുള്ള ഭൂമിവില യുടെ അടിസ്ഥാനത്തിലും പരിധിയിൽ കൂടുതൽ ഭൂമി അനുവദിച്ചിട്ടുള്ള സാഹചര്യത്തിലും മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി-യിട്ടില്ലെന്നും ബോദ്ധ്യപ്പെട്ടതിനാലാണ് 07.06.2011-ലെ ജി.ഒ(എം.എസ്) നം.208/2011/റവ പ്രകാരം പ്രസ്തുത ഭൂമി പതിവ് റദ്ദാക്കിയത്. |
| ബി) | മുൻ സർക്കാരിന്റെ കാലത്തുള്ള ഈ ഭൂമി പതിച്ചു നൽകൽ നടപടിയിൽ അനുവർത്തിച്ച നയം നിയമാനുസൃതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ബി) | പ്രസ്തുത കേസിൽ പതിച്ചു നൽകൽ നടപടി നിയമാനുസൃതമല്ല. |
| സി | ഇല്ലെങ്കിൽ അക്കാലയളവിൽ ഭൂമി പതിച്ചു നൽകുന്ന കാര്യത്തിൽ സ്വജനപക്ഷപാതവും നിയമവിരുദ്ധവുമായ നടപടി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാനും തുടർനടപടി സ്വീകരിക്കാനും അടിയന്തിര നിർദ്ദേശം നൽകുമോ? | സി) | പ്രസ്തുത വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 07.06.2011-ലെ ജി.ഒ(എം.എസ്) നം. 208/2011/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ